"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മലപ്പുറം ജില്ലാപഞ്ചായത്തിലെ അംഗങ്ങളും, ഉദ്യോഗസ്ഥരും 2022 നവംബർ 22 മുതൽ 27 വരെ കാശ്മീരിലേക്ക് വിമാനമാർഗ്ഗം പഠനയാത്ര നടത്തിയ നടപടിയ്ക്ക് സാധൂകരണം നൽകിയും വിമാന ടിക്കറ്റിനായി അധികമായി ചെലവഴിച്ച തുക മലപ്പുറം ജില്ലാപഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പ്രത്യേക അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.60/2024/LSGD തീയതി,തിരുവനന്തപുരം, 08-01-2024

---

പരാമർശം:-

1. KILA ഡയറക്ടർ ജനറലിന്റെ 19.09.2022, 15.10.2022 തീയതികളിലെ കത്തുകൾ.
2. 19.07.2023തീയതിയിലെ മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ ജി1-3120/2021 നമ്പർ കത്ത്.
3. 07.09.2023 തീയതിയിലെ മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ജി1-3120/2021 നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കും, ഉദ്യോഗസ്ഥർക്കും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുള്ള മാതൃകാപരമായ പദ്ധതികൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി കിലയുടെ ആഭിമുഖ്യത്തിൽ 2022 നവംബർ 22 മുതൽ 27 വരെ കാശ്മീരിലേക്ക് ഒരു പഠനയാത്ര നടത്തിയതായും യാത്രാ ചെലവിലേക്കായി 3,31,240/-രൂപ (മൂന്ന് ലക്ഷത്തി മുപ്പത്തിഒന്നായിരത്തി ഇരുന്നൂറ്റി നാൽപ്പത് രൂപ മാത്രം) കില ഡയറക്ടർ ജനറലിന്റെ പേയ്മെന്റ് ഓർഡർ പ്രകാരം അനുവദിച്ചിരുന്നതായും പഠന യാത്രയിൽ മലപ്പുറം ജില്ലാപഞ്ചായത്തിലെ 23 അംഗങ്ങളും, സെക്രട്ടറി ശ്രീ.എൻ.എ അബ്ദുൾ റഷീദും പങ്കെടുത്തതായും ആയതിലേയ്ക്കായി നടത്തിയ വിമാനയാത്രക്ക് സാധൂകരണം നൽകുന്നതിനും കിലയിൽ നിന്നും അനുവദിച്ച ട്രെയിൻ ടിക്കറ്റ് തുകയിൽനിന്നും അധികമായി വിമാന ടിക്കറ്റിനായി ചെലവഴിച്ച തുകയായ 82,380/-രൂപ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ടവർക്ക് അനുവദിക്കുന്നതിന് വേണ്ടി സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമാക്കണമെന്നും പരാമർശം (2) (3) കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ നടപ്പാക്കിയിട്ടുള്ള മാതൃകാപരമായ പദ്ധതികൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി കിലയുടെ ആഭിമുഖ്യത്തിൽ 2022 നവംബർ 22 മുതൽ 27 വരെ കാശ്മീരിലേക്ക് നടത്തിയ പഠനയാത്രയിൽ മലപ്പുറം ജില്ലാപഞ്ചായത്തിലെ 23 അംഗങ്ങളും, സെക്രട്ടറി ശ്രീ.എൻ.എ അബ്ദുൾ റഷീദും വിമാനയാത്ര നടത്തിയ നടപടി സാധൂകരിച്ചുകൊണ്ടും

വിമാന ടിക്കറ്റിനായി ചെലവഴിച്ച അധിക തുകയായ 82,380/-(എൺപത്തിരണ്ടായിരത്തി മുന്നൂറ്റി എൺപത് രൂപ മാത്രം) രൂപ ജില്ലാപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി ബന്ധപ്പെട്ടവർക്ക് അനുവദിക്കുന്നതിനു പ്രത്യേക അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SNEHALATHA K
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, മലപ്പുറം ജില്ലാപഞ്ചായത്ത്, മലപ്പുറം.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ ജനറൽ,കില.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/140/2023-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar d
സെക്ഷൻ ഓഫീസർ
Date: 10-01-2024 10:53:52

പകർപ്പ് : ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.